റിക്കവറി നടത്തി വരുന്നുണ്ട്. ഇരുപതിനായിരം രൂപയ്ക്ക് മേൽ മിസലേനിയസ് അഡ്വാൻസ് നിലനിൽക്കുന്നവരുടെ കാര്യത്തിൽ ഒരു നിശ്ചിത തീയതിക്കകം തുക ട്രഷറിയിൽ ഒടുക്കുന്നതിന് കൗണ്ടർ സൈൻഡ് ചെലാൻ സഹിതം നോട്ടീസ് നൽകുകയും നിശ്ചിത തീയതിക്കകം തുക അടയ്ക്കുന്നില്ലെങ്കിൽ റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അഡ്വാൻസ് തിരികെ പിടിക്കാൻ നിർവ്വാഹമില്ലാത്ത അവസ്ഥയിൽ പി. എ. ആക്ട് പ്രയോഗിക്കാറുമുണ്ട്. കൂടാതെ അക്കൗണ്ടന്റ് ജനറലുമായി ബന്ധപ്പെട്ട് റിട്രെഞ്ചുമെന്റ് സ്ലിപ്പ് പുറപ്പെടുവിക്കാൻ നിർദ്ദേശിക്കുകയും അതുപ്രകാരം തുക ഈടാക്കാനും നടപടികൾ കൈക്കൊള്ളുന്നുമുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇത്തരം കേസ്സുകളിൽ റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ഡി) റിട്ടയർ ചെയ്തുപോയ റെയിഞ്ചർമാരുടെ പേരിൽ മിസ്‌ലേനിയസ് അഡ്വാൻസ് അവരുടെ ബാദ്ധ്യതയായി അംഗീകരിച്ച് ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാറുണ്ട്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഈ തുക ഡി.സി.ആർ.ജി.യിൽ നിന്നും കുറവ് ചെയ്യാറുണ്ട്. ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാൻ കഴിയാത്ത തുകയുടെ കാര്യത്തിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാറുണ്ട്.

(ജി) വിവരം ശേഖരിച്ചുവരുന്നു.

വനംവകുപ്പിലെ താല്ക്കാലിക ഡ്രൈവർമാർ

76(113) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ (ഹെഡ് ഓഫീസ് ഉൾപ്പെടെ) എത്ര വാഹനങ്ങൾ നിലവിലുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത വാഹനങ്ങൾക്കായി എത്ര തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) അനുവദിക്കപ്പെട്ട തസ്തികയിൽ സ്ഥിരം ഡ്രൈവർമാരുടെ എണ്ണം എത്രയെന്നും താൽക്കാലിക ഡ്രൈവർമാരുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) താൽക്കാലിക ഡ്രൈവർമാരെ നിയമിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ;

(ഇ) താൽക്കാലിക ഡ്രൈവർമാരെ പിരിച്ചുവിട്ട് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് കോടതി നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത കോടതി നിർദ്ദേശത്തെ തുടർന്ന് സർക്കാരിന്റെ പി & എ.ആർ.ഡി വകുപ്പിൽനിന്നും ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം വനം വകുപ്പിന് ലഭിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തെ തുടർന്ന് എത്ര താൽക്കാലിക ഡ്രൈവർമാരെ പിരിച്ചയച്ചുവെന്നും എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(എച്ച്) ഇനിയും താൽക്കാലിക ഡ്രൈവർമാർ തുടരുന്നുണ്ടെങ്കിൽ അവരെ പിരിച്ചുവിടാതിരിക്കാനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ ;

(ഐ) കോടതി നിർദ്ദേശവും അതിനെ തുടർന്നുള്ള സർക്കാർ നിർദ്ദേശവും പാലിക്കാത്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 63 വാഹനങ്ങൾ

(ബി&സി) പ്രസ്തുത വാഹനങ്ങൾക്കായി 33 ഡ്രൈവർ തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. അനുവദിക്കപ്പെട്ട തസ്തികയിൽ ജോലി ചെയ്യുന്ന സ്ഥിരം ഡ്രൈവർമാരുടെ എണ്ണം 27-ഉം താൽക്കാലിക ഡ്രൈവർമാരുടെ എണ്ണം 6-ഉം ആണ്.

(ഡി) ഒഴിവുള്ള 6 തസ്തകകളിലേക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി.ക്ക് എഴിതിയിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് കിട്ടാനുള്ള താമസംമൂലമാണ് താൽക്കാലിക ഡ്രൈവർമാരെ നിയമിച്ചത്.

(ഇ) ഉണ്ടായിട്ടുണ്ട്.

(എഫ്) ലഭിച്ചിട്ടുണ്ട്.

(ജി) ദിവസവേതന അടിസ്ഥാനത്തിൽ ഡ്രൈവറായി ജോലി ചെയ്യുന്ന ശ്രീ. ശേഷയ്യനും മുതൽ പേരും ഫയൽ ചെയ്ത ഒ.പി.നം.23258/99-ൽ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ ടിയാൻമാരെ പിരിച്ചുവിടുന്നത് തടഞ്ഞുകൊണ്ട് കോടതി ഉത്തരവ് നിലവിലുണ്ട്. അതിനാൽ ടിയാൻമാരെ പിരിച്ചുവിട്ടിട്ടില്ല. നിലവിലുള്ള 6 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എച്ച്) പിരിച്ചുവിടുന്നതിനെതിരെ കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ ഇവരെ പിരിച്ചുവിട്ടിട്ടില്ല.

(ഐ) കോടതി നിർദ്ദേശവും സർക്കാർ നിർദ്ദേശവും എല്ലാ ഉദ്യോഗസ്ഥൻമാരും പാലിക്കുന്നുണ്ട്.

വനംവകുപ്പിലെ ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റർ തസ്തികകൾ

77 (1132) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിലെ ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റർ തസ്തികകളിൽ റാങ്ക് പ്രൊമോഷൻ നിർത്തലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly